REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 14-08-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- 78-ാം സ്വാതന്ത്ര്യദിനത്തലേന്ന് ഇന്ന് വൈകിട്ട് ഏഴിന് രാഷ്ട്രപതി ദ്രൗപദി മുർമു രാജ്യത്തെ അഭിസംബോധന ചെയ്യും.
- സ്വാതന്ത്ര്യ ദിനാഘോഷങ്ങൾക്ക് രാജ്യം ഒരുങ്ങി. നാളെ രാവിലെ ഡൽഹിയിലെ ചുവപ്പ് കോട്ടയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ദേശീയപതാകയുയർത്തും.
- ഓഗസ്റ്റ് 23 ദേശീയ ബഹിരാകാശ ദിനമായി പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രഖ്യാപിച്ചു.
- അടുത്ത വർഷത്തെ ഹജ്ജ് തീർത്ഥാടനത്തിന് ഇന്ത്യയിൽ നിന്ന് ഒരു ലക്ഷത്തി 75,000 പേർക്ക് അവസരം.
- വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൽ 401 സാമ്പിളുകളുടെ DNA പരിശോധന പൂർത്തിയായതായി മന്ത്രിസഭാ ഉപസമിതി.
- എറണാകുളം, തൃശൂർ ജില്ലകളിൽ അതിശക്ത മഴ സാധ്യത മുൻ നിർത്തി ഇന്ന് ഓറഞ്ച് ജാഗ്രത.

## വാർത്തകൾ വിശദമായി

**78-ാം സ്വാതന്ത്ര്യദിനത്തലേന്ന് ഇന്ന് വൈകിട്ട് ഏഴിന് രാഷ്ട്രപതി ദ്രൗപദി മുർമു രാജ്യത്തെ അഭിസംബോധന ചെയ്യും. ആദ്യം ഹിന്ദിയിലും തുടർന്ന് ഇംഗ്ലീഷിലുമാണ് രാഷ്ട്രപതിയുടെ അഭിസംബോധന.**

ആകാശവാണിയുടെയും ദൂരദർശന്റെയും എല്ലാ നിലയങ്ങളും രാഷ്ട്രപതിയുടെ പ്രസംഗം തൽസമയം പ്രക്ഷേപണം ചെയ്യും. അഭിസംബോധനയുടെ മലയാള പരിഭാഷ ആകാശവാണി കേരള നിലയങ്ങൾ രാത്രി 9.30ന് പ്രക്ഷേപണം ചെയ്യും.

78-ാം സ്വാതന്ത്ര്യ ദിനാഘോഷങ്ങൾക്ക് രാജ്യം ഒരുങ്ങി. ഡൽഹിയിലെ ചുവപ്പ് കോട്ടയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ രാവിലെ ദേശീയപതാകയുയർത്തി രാജ്യത്തെ അഭിസംബോധന ചെയ്യും.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

..............വോയ്സ്...........

വനിതാ ശാക്തീകരണ പദ്ധതികൾക്ക് സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും അടിസ്ഥാനതലത്തിൽ നേതൃത്വം നൽകുന്ന അങ്കണവാടി ജീവനക്കാരുൾപ്പെടെ 161 പേർ ഇത്തവണ സ്വാതന്ത്ര്യ ദിനാഘോഷത്തിൽ പ്രത്യേക അതിഥികളായി പങ്കെടുക്കും. പഞ്ചായത്ത് തലങ്ങളിലെ 400 വനിതാ ജനപ്രതിനിധികളും പരിപാടിയിൽ സംബന്ധിക്കും.

സ്വാതന്ത്ര്യദിനാഘോഷ ചടങ്ങുകൾക്ക് ഡൽഹിയിൽ തയ്യാറെടുപ്പുകൾ പൂർത്തിയായി. രാജ്യരക്ഷ സഹമന്ത്രി സഞ്ജയ് സേഠ് ഇന്നലെ ഒരുക്കങ്ങൾ വിലയിരുത്തി. ഡൽഹിയിൽ ശക്തമായ സുരക്ഷാ ക്രമീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ രാവിലെ ഒൻപതിന് മുഖ്യമന്ത്രി പിണറായി വിജയൻ ദേശീയ പതാക ഉയർത്തും. സായുധ സേനാ വിഭാഗങ്ങളുടെയും മറ്റ് സേനകളുടെയും NCC, സ്കൗട്ട് ആന്റ് ഗൈഡ്സ്, സ്റ്റുഡൻസ് പൊലീസ് വിഭാഗങ്ങളുടെയും അഭിവാദ്യം മുഖ്യമന്ത്രി സ്വീകരിക്കും. തുടർന്ന് അദ്ദേഹം സ്വാതന്ത്ര്യദിന സന്ദേശം നൽകും.

ചടങ്ങിൽ രാഷ്ട്രപതിയുടെ പൊലീസ് മെഡലുകളും ജീവൻ രക്ഷാ പതക് പുരസ്കാരങ്ങളും മുഖ്യമന്ത്രി സമ്മാനിക്കും. നഗരത്തിലെ സ്കൂൾ വിദ്യാർത്ഥികൾ അവതരിപ്പിക്കുന്ന ദേശഭക്തി പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്.

ജില്ലകളിൽ മന്ത്രിമാർ സ്വാതന്ത്ര്യദിന ചടങ്ങുകൾക്ക് നേതൃത്വം നൽകും.

✪✪✪

ഇന്ന് വിഭജനത്തിന്റെ ഓർമ്മ ദിനം. 1947-ലെ ഇന്ത്യാ - പാകിസ്ഥാൻ വിഭജന കാലത്തുണ്ടായ സംഘർഷത്തിന്റെ ഭയാനക ഓർമ്മകളും ജനങ്ങൾ നേരിട്ട കഷ്ടപ്പാടുകളും അനുസ്മരിക്കാൻ 2021 മുതലാണ് ദിനാചരണം ആരംഭിച്ചത്. സാമൂഹിക വിഭജനം, സൗഹാർദ്ദമില്ലായ്മ എന്നിവയുടെ പൊരുത്തക്കേടുകൾ ഇല്ലായ്മ ചെയ്യേണ്ടതിന്റെ ആവശ്യകത പൗരന്മാരെ ഓർമ്മിപ്പിക്കാനാണ് ദിനാചരണം സംഘടിപ്പിക്കുന്നത്.

✪✪✪

ഓഗസ്റ്റ് 23 ദേശീയ ബഹിരാകാശ ദിനമായി പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രഖ്യാപിച്ചു. ചന്ദ്രന്റെ ദക്ഷിണ ധ്രുവമേഖലയിൽ ആദ്യമായും ചന്ദ്രനിൽ നാലാമതായും എത്തുന്ന രാജ്യമായി ഇന്ത്യ മാറിയ സുപ്രധാന നേട്ടത്തെ ആദരിക്കുന്നതിനാണ് ദിനാചരണം. "ചന്ദ്രനെ തൊടുമ്പോൾ ജീവിതങ്ങളെ സ്പർശിക്കുന്നു: ഇന്ത്യയുടെ ബഹിരാകാശ വിജയഗാഥ" എന്ന പ്രമേയത്തിലാണ് രാജ്യം ആദ്യ ദേശീയ ബഹിരാകാശ ദിനം ആഘോഷിക്കുന്നത്.

✪✪✪

അടുത്ത വർഷത്തെ ഹജ്ജ് തീർത്ഥാടനത്തിന് ഇന്ത്യയിൽ നിന്ന് ഒരു ലക്ഷത്തി 75,000 പേർക്ക് അവസരം നൽകുമെന്ന് സൗദി അറേബ്യ അറിയിച്ചതായി കേന്ദ്ര മന്ത്രി കിരൺ റിജിജു പറഞ്ഞു. ന്യൂഡൽഹിയിൽ ഹജ്ജ് - 2025 അപേക്ഷയും ജിയോ പാഴ്സി സ്കീം പോർട്ടലും പ്രകാശനം ചെയ്യുകയായിരുന്നു അദ്ദേഹം. ന്യൂനപക്ഷ സഹമന്ത്രി ജോർജ് കുര്യനും ചടങ്ങിൽ പങ്കെടുത്തു.

ഈ വർഷം ആദ്യമായി ഹജ്ജ് കമ്മറ്റിയുടെ വെബ്സൈറ്റിനു പുറമെ ഹജ്ജ് സുവിധ ആപ്പിൽ കൂടിയും അപേക്ഷ നൽകാമെന്ന് കിരൺ റിജിജു അറിയിച്ചു. നാൽപത്തിയഞ്ചോ അതിൽ കൂടുതലോ പ്രായക്കാരായ സ്ത്രീകൾക്ക് മെഹറം ഇല്ലാതെ തീർത്ഥാടനത്തിന് അവസരമൊരുക്കുന്ന സുപ്രധാന പരിഷ്ക്കരണം ഇത്തവണ നിലവിൽ വരുത്തിയിട്ടുണ്ടെന്നും കേന്ദ്രമന്ത്രി പറഞ്ഞു. കേന്ദ്ര

ഹജ്ജ് കമ്മറ്റി വഴിയും സുവിധാ ആപ്പ് വഴിയും സെപ്റ്റംബർ ഒൻപത് വരെ അപേക്ഷ നൽകാം.

പാഴ്സി സമുദായത്തിലെ ദമ്പതികൾക്ക് ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് സാമ്പത്തിക സഹായം നൽകുന്ന ജിയോ പാഴ്സി സ്കീമിൽ അർഹരായ എല്ലാവരും അപേക്ഷ നൽകണമെന്ന് കിരൺ റിജിജു ആവശ്യപ്പെട്ടു.

✪✪✪

ഓണത്തോട് അനുബന്ധിച്ച് സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെയും പച്ചക്കറികളുടെയും വില നിയന്ത്രിക്കാൻ ശക്തമായ നടപടിയെടുക്കുമെന്ന് മന്ത്രി G.R. അനിൽ അറിയിച്ചു. വിലക്കയറ്റ സാഹചര്യം ചർച്ച ചെയ്യാൻ ലാൻഡ് റവന്യൂ കമ്മീഷണറുടെയും ജില്ലാ കലക്ടർമാരുടെയും ഉൾപ്പെടെ മുതിർന്ന ഉദ്യോഗസ്ഥരുടെയും യോഗത്തിൽ പങ്കെടുക്കുകയായിരുന്നു മന്ത്രി. വിലസാഹചര്യം അവലോകനം ചെയ്യാൻ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ സംസ്ഥാനതല കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. ഓഗസ്റ്റ് ആദ്യവാരം ജൂലൈ 31-ന് അവസാനിച്ച ആഴ്ചയേക്കാൾ വില കുറഞ്ഞതായി കണ്ടെത്തിയതായും മന്ത്രി പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് ഗവണ്മെന്റ്, എയ്ഡഡ് സ്കൂളുകളിൽ പത്താം ക്ലാസ് വരെ, ശനിയാഴ്ച പ്രവൃത്തിദിനമാക്കിയ തീരുമാനം പിൻവലിച്ചു. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ

ഇതുസംബന്ധിച്ച സർക്കുലർ പുറത്തിറക്കി. വിഷയത്തിൽ അന്തിമ തീരുമാനമെടുക്കുന്നതുവരെ ശനിയാഴ്ചകൾ പ്രവൃത്തിദിനമായിരിക്കില്ലെന്ന് സർക്കുലറിൽ പറയുന്നു.

✪✪✪

വയനാട് ഉരുൾപൊട്ടൽ ദുരന്തത്തിൽ ലഭിച്ച മൃതദേഹങ്ങളുടെയും ശരീരഭാഗങ്ങളുടെയും 401 സാമ്പിളുകളുടെ DNA പരിശോധന പൂർത്തിയായതായി മന്ത്രിസഭാ ഉപസമിതി കൽപ്പറ്റയിൽ അറിയിച്ചു. ഇതിൽ 349 ശരീരഭാഗങ്ങൾ 248 പേരുടേതാണ്. ഇതിൽ 121 പേർ പുരുഷൻമാരും 127 പേർ സ്ത്രീകളുമാണെന്നു തിരിച്ചറിഞ്ഞു. ഇത് വരെ നടത്തിയ തെരച്ചിലിൽ 231 മൃതദേഹങ്ങളും 206 ശരീരഭാഗങ്ങളുമാണ് ലഭിച്ചത്. 115 പേരുടെ രക്തസാമ്പിളുകൾ ശേഖരിച്ചതായി ഉപസമിതി അറിയിച്ചു.

ഡെസ്ക് റിപ്പോർട്ട്.

............വോയ്സ്...........

ചൂരൽ മലയിലെ ദുരന്തബാധിതർക്ക് ഒരു വാടക വീട് എന്ന മുദ്രാവാക്യവുമായി എല്ലാ കക്ഷികളുടെയും നേതൃത്വത്തിൽ വാടക വീടുകൾക്ക് വേണ്ടി ഇന്ന് അന്വേഷണം നടത്തും. പഞ്ചായത്ത് അംഗങ്ങൾ, റവന്യൂ ഉദ്യോഗസ്ഥർ, സോഷ്യൽ വർക്കർ എന്നിവർ ഉൾപ്പെടുന്ന അഞ്ചംഗ സമിതി ലഭ്യമാക്കാവുന്ന വീടുകൾ കണ്ടെത്തി റിപ്പോർട്ട് ചെയ്യുമെന്നും ഉപസമിതി അറിയിച്ചു.

താത്കാലിക പുനരധിവാസത്തിന് ഹാരിസൺ മലയാളത്തിലെ തൊഴിലാളി യൂണിയനുകൾ ഇപ്പോൾ നൽകാൻ തയ്യാറാക്കിയ 53 വീടുകളുടെയും നൽകാമെന്നേറ്റ ബാക്കി വീടുകളുടെയും ഭദ്രതയും നടത്തിപ്പും സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ട്. മേപ്പാടി, മൂപ്പൈനാട്, വൈത്തിരി, കൽപ്പറ്റ, മുട്ടിൽ, അമ്പലവയൽ തദ്ദേശ സ്ഥാപന പരിധിയിലെ പൂർണ്ണസജ്ജമായ വാസസ്ഥലങ്ങളാണ് പരിഗണിക്കുന്നത്.

പരമാവധി 6,000 രൂപ വരെ വീടുകൾക്ക് വാടക സംസ്ഥാന ഗവൺമെന്റ് ലഭ്യമാക്കും. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നാണ് തുക നൽകുന്നത്. ബന്ധുവീടുകളിലേക്ക് മാറുന്നവർക്കും ഇതേ തുക തന്നെ ലഭ്യമാകും.

ദുരന്തബാധിതർക്ക് ക്യാമ്പുകളിൽ സജ്ജമാക്കിയ പ്രത്യേക ക്യാമ്പയിനിലൂടെ ഇതുവരെ 1,368 സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കിയെന്നും ഉപസമിതി അംഗങ്ങൾ പറഞ്ഞു.

✪✪✪

ഉരുൾപൊട്ടലുണ്ടായ വിലങ്ങാട് മലയോരത്ത് പ്രത്യേക പുനരധിവാസ പാക്കേജ് പ്രഖ്യാപിക്കണമെന്ന ആവശ്യം ഉടൻ പ്രാവർത്തികമാകും എന്നാണ് പ്രതീക്ഷയെന്ന് ഷാഫി പറമ്പിൽ MP പറഞ്ഞു. കമ്പിളിപ്പാറ മലയങ്ങാട് ദുരന്തബാധിത പ്രദേശങ്ങൾ ഷാഫി സന്ദർശിച്ചു.

✪✪✪

മുണ്ടക്കൈ, ചൂരൽമല ഉരുൾപൊട്ടൽ ദുരന്തത്തിൽ രക്ഷാപ്രവർത്തനവും തെരച്ചിലും നടത്തിയ സൈനികരും

പൊലീസും ഫയർ ഫോഴ്സും സന്നദ്ധ പ്രവർത്തകരും നിർവ്വഹിച്ചത് ദേശസ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും ഉദാത്ത മാതൃകയാണെന്ന് കാസർഗോഡ് ജില്ലാ കളക്ടർ K. ഇമ്പശേഖർ പറഞ്ഞു. ജില്ലാ ഇൻഫർമേഷൻ ഓഫീസും റോട്ടറിക്ലബും വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച ദേശഭക്തിഗാന-ദേശീയഗാന മത്സരം ഉദ്ഘാടനം ചെയ്യുകയായിരുന്നു കളക്ടർ.

✪✪✪

കർണാടകയിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ അർജുനെ കണ്ടെത്താൻ ഇന്ന് വിപുലമായ തിരച്ചിൽ നടത്തും. മുങ്ങൽ വിദഗ്ധൻ ഈശ്വർ മാൽപ്പേയുടെ നേതൃത്വത്തിലാണ് തിരച്ചിൽ. NDRF, SDRF സംഘങ്ങളും തിരച്ചിലിന്റെ ഭാഗമാകുമെന്നാണ് റിപ്പോർട്ട്.

ഇന്നലെ ഗംഗാവലി പുഴയിൽ നടത്തിയ തിരച്ചിലിൽ അർജുൻ ഓടിച്ചിരുന്ന ലോറിയുടേതെന്ന് കരുതുന്ന വീൽജാക്കി കണ്ടെത്തിയിരുന്നു. പുഴയിലെ നീരൊഴുക്ക് കുറഞ്ഞ സാഹചര്യത്തിലാണ് ഇന്നലെ തിരച്ചിൽ പുനരാരംഭിച്ചത്.

✪✪✪

ഗുസ്തി താരം വിനേഷ് ഫോഗട്ടിന്റെ ഒളിമ്പിക്സ് അയോഗ്യത സംബന്ധിച്ച ലോക കായിക കോടതിയുടെ വിധി വെള്ളിയാഴ്ചത്തേക്ക് മാറ്റിയതായി ഇന്ത്യൻ ഒളിമ്പിക് അസോസിയേഷൻ അറിയിച്ചു. ഒളിമ്പിക്സ് അവസാനിച്ച ഞായറാഴ്ചയോടെ വിധിപറയുമെന്ന് ആദ്യഘട്ടത്തിൽ

അറിയിച്ചിരുന്നെങ്കിലും പിന്നീട് ഇത് ചൊവ്വാഴ്ചത്തേക്ക് മാറ്റിയിരുന്നു. വെള്ളിമെഡൽ നൽകണമെന്നാവശ്യപ്പെട്ടാണ് ഫോഗട്ടിന്റെ അപ്പീൽ.

✪✪✪

തെക്കൻ ശ്രീലങ്കക്ക് മുകളിൽ രൂപപ്പെട്ട ചക്രവാത ചുഴിയെ തുടർന്ന് കേരളത്തിൽ ശനിയാഴ്ച വരെ ഇടിമിന്നലോടുകൂടിയ വ്യാപക മഴക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ നിരീക്ഷണകേന്ദ്രം അറിയിച്ചു. ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയും മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

അതിശക്തമായ മഴ സാധ്യത കണക്കിലെടുത്ത് ഇന്ന് എറണാകുളം, തൃശൂർ ജില്ലകളിൽ ഓറഞ്ച് ജാഗ്രത നൽകി. കണ്ണൂർ, കാസർകോട് ഒഴികെ മറ്റ് ജില്ലകളിലും ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതയാണ്.

ശക്തമായ കാറ്റിന് സാധ്യത കണക്കിലെടുത്ത് കേരള, ലക്ഷദ്വീപ് തീരങ്ങളിൽ ശനിയാഴ്ച വരെ മീൻപിടിത്തത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

സംസ്ഥാനത്തെ ഓണച്ചന്തകൾ സെപ്റ്റംബർ അഞ്ചിന് പ്രവർത്തനം തുടങ്ങും. 92 കേന്ദ്രങ്ങളിലാണ് ചന്തകൾ ഒരുക്കുന്നത്. ഒരു സംസ്ഥാന ചന്തയും 13 ജില്ലാ ചന്തകളും 78 താലൂക്ക് ചന്തകളും ഉണ്ടായിരിക്കും. ഉത്രാട ദിവസം വരെ ഇവ പ്രവർത്തിക്കും.

ഓണത്തിന് മഞ്ഞ കാർഡുകാർക്കും, വയോജന കേന്ദ്രങ്ങൾക്കും ആറ് ലക്ഷം ഓണക്കിറ്റുകൾ വിതരണം ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്.

✪✪✪

കണ്ണൂർ ചെമ്പേരി ലൂർദ്ദ് മാതാ ദേവാലയത്തെ ബസിലിക്കയായി ഉയർത്തുന്ന ഔദ്യോഗിക പ്രഖ്യാപനവും സമർപ്പണവും ഉച്ച കഴിഞ്ഞ് സിറോ മലബാർ സഭ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ നടത്തും.

ചടങ്ങിൽ തലശ്ശേരി അതിരൂപത ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംബ്ളാനി, എമിരിറ്റസ് ആർച്ച് ബിഷപ്പ്മാരായ മാർ ജോർജ് ഞരളക്കാട്, മാർ ജോർജ് വലിയമറ്റം, തുടങ്ങിയവരും പങ്കെടുക്കും.

✪✪✪

സംസ്ഥാനത്തെ പാരാ മെഡിക്കൽ സ്ഥാപനങ്ങളിൽ കോഴ്സുകളിൽ പ്രവേശനം നേടുന്നതിന് മുമ്പ് അവയ്ക്ക് സംസ്ഥാന മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെയും ആരോഗ്യ - ശാസ്ത്ര സർവ്വകലാശാലയുടെയും ബന്ധപ്പെട്ട കൗൺസിലറുടെയും അംഗീകാരമുണ്ടെന്ന് ഉറപ്പാക്കണമെന്ന് മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം അറിയിച്ചു. അംഗീകാരമില്ലാത്ത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽ പെട്ടതിനെ തുടർന്നാണ് നടപടി.

✪✪✪